SEP 25 1980
3038

# COCHIN LEGISLATIVE COUNCIL

Tuesday, *the* 29th *of April* 1930.
17th *of Medam* 1105.

The House met at Half past Eleven of the Clock with the President in the Chair. Messrs. I. E. Ambooken, S.S. Koder, K. T. Mathew and K. Ramunni Menon were absent.

## Questions and Answers.

### Line boats from Cochin to Kottappuram.

**335.** മിസ്റ്റർ എ. കെ. കുഞ്ഞുമൊയ്തീൻ.—താഴെ എഴുതുന്ന ചോദ്യങ്ങൾക്കു ഉത്തരം പറയുവാൻ ദയവുണ്ടാകുമൊ.—

കൊച്ചിയിൽ നിന്നു കോട്ടപ്പുറത്തേക്കു ഓടുന്ന ലയിൻബോട്ടുകൾ സാധാരണയായി വേനൽകാലങ്ങളിൽ ഉറച്ചിരുന്നുപോകുന്നതായും അതുനിമിത്തം യാത്രക്കാക്കു വലിയ അസൌകര്യങ്ങളും ബുദ്ധിമുട്ടുകളും നേരിടുന്നതായും ഗവ മെണ്ടിനു അറിയാൻ കഴിഞ്ഞിട്ടുണ്ടൊ ;

മിസ്റ്റർ വി. കെ. അരവിന്ദാക്ഷമേനോൻ.—കൊച്ചിയിൽ നിന്നു കോട്ടപ്പുറത്തേക്കു ബോട്ടുകൾ ഉറക്കാതെ കൊണ്ടുപോകുവാനായിട്ട് ചാലുകൾ ഉണ്ടെന്നാണ് ഗവമ്മെണ്ടു അപേക്ഷിച്ചതിൽ അറിയുന്നതു.

### Anchal service between Cranganur and Chennamangalam.

**336.** മിസ്റ്റർ എ. കെ. കുഞ്ഞുമൊയ്തീൻ.—(a) ചേന്ദമംഗലത്തുനിന്നു കൊടുങ്ങല്ലൂക്കു ഒരു കത്തെഴുതി അഞ്ചൽമാസ്റ്റർ അയച്ചാൽ എത്തെല്ലാം അഞ്ചലാഫീസുകളെ ആ കത്തു സന്ദർശിക്കേണ്ടിയിരിക്കുന്നുവെന്നും അതു കൊടുങ്ങല്ലൂരിൽ എത്തിച്ചേരുവാൻ എത്ര ദിവസത്തെ താമസം വേണ്ടിവരുമെന്നും പറയാമൊ ;

(b) കൊടുങ്ങല്ലൂർ അഞ്ചലാഫീസ്സിൽ നിന്നു ചേന്ദമംഗലം അഞ്ചലാഫീസ്സിലേക്കു എത്ര നാഴിക അകലമുണ്ട് ?

രാമവർമ്മ തമ്പുരാൻ.—(a) ചോദ്യത്തിന്റെ ആദ്യത്തെ ഭാഗം—അയ്യമ്പിള്ളി, ഞാറക്കൽ, എറണാകുളം, ഇരിങ്ങാലക്കുട എന്നീ ആഫീസ്സുകൾ.

രണ്ടാം ഭാഗം—ചേന്ദമംഗലത്തുനിന്നും അയ്യമ്പിള്ളിക്കുള്ള മെയിൽ അയച്ചുവരുന്നതു കാലത്തു ൭മണി ൫മിനിട്ടിനാകുന്നു. ആ മെയിൽ അയക്കുന്ന ദിവസം പിറ്റെ ദിവസം കാലത്തു ൧൦മണി ൪൦മിനിട്ടിനു കൊടുങ്ങല്ലൂർ എത്തുന്നതാകുന്നു.

(b) ൫ നാഴിക ൫ ഫർലോങ്ങ്.

### Article in the 'Aikyom' paper about a beat constable.

**337.** മിസ്റ്റർ എ. കെ. കുഞ്ഞുമൊയ്തീൻ.—(a) "ഐക്യം" നാം പ്രസ്താവം നടത്തിയ ലക്കത്തിൽ പ്രസിദ്ധം ചെയ്തിരിക്കുന്ന ഒരു ബീറ്റുപോലീസുകാ

LIBRARY ARCHIVES Kerala Legislative Assembly